## പ്രസിദ്ധീകരണത്തിന് / സംപ്രേക്ഷണത്തിന്

നമ്പർ.53/റിക്രൂ/2015/കെ.ഡി.ആർ.ബി                                                    തിരുവനന്തപുരം
2.11.2019

**പത്രക്കുറിപ്പ്**

തിരുവിതാംകൂർ ദേവസ്വം ബോർഡിലേയ്ക്കുള്ള **എൽ.ഡി.ക്ലർക്ക്/സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ് II** (കാറ്റഗറി നമ്പർ 16/2018) തസ്തികയിലേയ്ക്ക് 8.06.2019 ൽ നടന്ന ഒ.എം.ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ യോഗ്യരായവരുടെ സാദ്ധ്യതാ പട്ടിക പ്രസിദ്ധീകരിച്ചു. സാദ്ധ്യതാ പട്ടിക, ഇൻവാലിഡേഷൻ നോട്ടിഫിക്കേഷൻ എന്നിവ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kdrb.kerala.gov.in ൽ ലഭ്യമാണ്. സാദ്ധ്യതാ പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി മുതൽ രണ്ട് മാസത്തിനകം അവരുടെ പേര്, ജനന തീയതി, സമുദായം, EWS സ്റ്റാറ്റസ്, നോൺക്രീമി ലയർ, വിദ്യാഭ്യാസ യോഗ്യത, മറ്റ് ആനുകൂല്യങ്ങൾ എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ പ്രൊഫൈലിൽ അപ് ലോഡ് ചെയ്യുകയും മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ **'സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്, ആയുർവേദ കോളേജിനു സമീപം, എം.ജി റോഡ്, തിരുവനന്തപുരം 695001'** എന്ന വിലാസത്തിൽ തപാലായി അയയ്ക്കുകയോ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ നേരിട്ടെത്തിക്കുകയോ വേണം. ഹിന്ദു മതത്തിലെ സംവരേണതര സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections of Hindu Unreserved Communities) 10% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് അർഹരായിട്ടുള്ള മെയിൻ ലിസ്റ്റിലും സപ്ലിമെന്ററി ലിസ്റ്റിലും പെട്ട സംവരണേതര സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ ആ വിവരം അവകാശപ്പെടുകയും ആയത് തെളിയിക്കുന്നതിനായി വില്ലേജ് ഓഫീസർ നൽകുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുകയും വേണം. ഇങ്ങനെ തെളിയിക്കാത്തവർക്ക് സംവരണത്തിനുള്ള അവകാശം നഷ്ടപ്പെടുന്നതാണ്. സർട്ടിഫിക്കറ്റ് വെരിഫിക്കേഷന്റെ തീയതി, സ്ഥലം, സമയം ഇവ പിന്നാലെ ഉദ്യോഗാർത്ഥികളെ അറിയിക്കുന്നതാണ്.

സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്